ബഡ്ജറ്റിൽ നീക്കിവയ്ക്കപ്പെട്ടതും ചെലവഴിച്ചതുമായ തുക

35 [492] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓരോ വകുപ്പിനും നീക്കിവയ്ക്കപ്പെട്ട തുക എത്രയെന്നും ചെലവഴിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രവീതമാണ്;

(സി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിലും വിഭവസമാഹരണ ലക്ഷ്യം എത്ര വീതമായിരുന്നു എന്നും എത്ര സമാഹരിക്കപ്പെടുകയുണ്ടായി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വകുപ്പടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിനങ്ങളിലാണ് തുക വകകൊള്ളിക്കുന്നത്. 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്പ്രകാരം വിവിധ വകുപ്പുകൾക്കായി യഥാക്രമം 13944.73, 14741.57, 16081.58, 19682.14, 21870.26 കോടി രൂപ വീതം നീക്കി വച്ചിരിക്കുന്നു. 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ 12381.15, 15704.72, 17427.32, 18047.64 കോടി രൂപ വീതമാണ് ചെലവഴിച്ചത്.

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക താഴെപ്പറയും പ്രകാരമാണ്:

വർഷം	തുക (രൂപ കോടിയിൽ)
2001-02	3370.20
2002-03	3846.45
2003-04	3887.78
2004-05	5199.86

(സി) വിശദവിവരം അടങ്ങിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം വയ്ക്കുന്നു. †

വാർഷിക ബഡ്ജറ്റുകളുടെ അടങ്കൽ തുക

36 [493] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-01, 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിലെ വാർഷിക ബഡ്ജറ്റുകളുടെ അടങ്കൽ എത്ര വീതമായിരുന്നു;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വാർഷിക ബഡ്ജറ്റുകളിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചു;

(സി) ഓരോ മേഖലയിലും പ്രസ്തുത ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) 2001-02 മുതൽ 2005-06 വരെയുള്ള കാലഘട്ടത്തിൽ വിവിധ ഇനങ്ങളിലായി എന്തു തുകവീതം കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) 2000-01, 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിലെ വാർഷിക ബഡ്ജറ്റുകളുടെ അടങ്കൽ തുക താഴെ പറയും പ്രകാരമാണ്:

വർഷം	തുക (രൂപ കോടിയിൽ)
2000-01	13364.92
2001-02	14634.07
2002-03	14924.21
2003-04	19861.05
2004-05	22149.62
2005-06	25535.92

(ബി) പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ്:

വർഷം	തുക (രൂപ കോടിയിൽ)
2000-01	12831.86
2001-02	12538.80
2002-03	15919.28
2003-04	18316.78
2004-05	18455.73

(സി) ഓരോ മേഖലയിലും ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ്:

വർഷം	റവന്യൂ	മൂലധനം	വായ്പകളും മുൻകൂറുകളും (രൂപ കോടിയിൽ)
2000-01	11965.01	596.16	270.69
2001-02	11804.78	573.27	160.75
2002-03	14945.65	723.62	250.01
2003-04	16371.82	653.02	1291.94
2004-05	17562.68	696.57	196.48

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര സഹായമായി ലഭിച്ച തുക താഴെ പറയും പ്രകാരമാണ്:

വർഷം	തുക (രൂപ കോടിയിൽ)
2001-02	3370.29
2002-03	3846.45
2003-04	3887.78
2004-05	5199.86

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ ധനവകുപ്പിന്റെ പരിശോധന

37 [494] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പരിശോധനാ വിഭാഗം എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം

38 [495] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം കേരളത്തിൽ ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ടോ;

(ബി) ഈ നിയമത്തിന് വിരുദ്ധമായി അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ എത്ര റെയിഡുകൾ നടന്നിട്ടുണ്ട്; എത്ര കേസുകൾ എടുത്തിട്ടുണ്ട് ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly